**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3379** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഭാഷാ അധ്യാപകർ സോഷ്യൽ സയൻസ് പഠിപ്പിക്കുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ സോഷ്യൽ സയൻസ് വിഷയം ഭാഷാധ്യാപകർ പഠിപ്പിച്ചുകൊണ്ടിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എതെല്ലാം റ്റി.റ്റി.ഐ.കളിലാണ് ഇത്തരം അധ്യാപകർ പഠിപ്പിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിൽ യോഗ്യതയില്ലാത്ത അധ്യാപകർ അധ്യാപക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതുമൂലം വിദ്യഭ്യാസത്തിന്റെ ഗുണനിലവാരം കുറയുവാൻ ഇടയായതായി പറയപ്പെടുന്ന സാഹചര്യം വ്യക്തമാക്കുമോ; | (ബി) | യോഗ്യതയുള്ള അധ്യാപകർക്കാണ് മുൻഗണന നൽകുന്നത് എന്നതിനാൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയുന്ന സാഹചര്യം നിലവിലില്ല. |
| (സി) | ഇത്തരം നിയമനങ്ങൾ നടത്തിയ നിയമനാധികാരികൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പ്രവണതകൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. മാനദണ്ഡങ്ങൾ പാലിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |
| (ഡി) | ഇത്തരത്തിൽ ഭാഷ അദ്ധ്യാപകരെ നിയമിച്ചുകൊണ്ട് സർക്കാർ ഖജനാവിൽ നിന്നും നിയമപരമല്ലാതെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർഷങ്ങളോളം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന തിനെതിരായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ഡി) | നിലവിലെ മാനദണ്ഡങ്ങൾ പാലിച്ചാണ് നിയമനം നടത്തിയിട്ടുള്ളതെന്നതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഇ) | ഇത്തരത്തിൽ സോഷ്യൽ സയൻസ് പഠിപ്പിക്കാൻ യോഗ്യതയില്ലാത്ത മറ്റ് അദ്ധ്യാപകരെ നിയമിച്ചുതുമൂലം എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) തസ്തികയുടെ മുൻ റാങ്ക് ലിസ്റ്റിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലിക്കുള്ള അവസരം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ